LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ആളോഹരി കടം

112 (118) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ ആളോഹരി കടം എത്ര രൂപയായിരുന്നു; അതിപ്പോൾ എത്രയായി വർദ്ധിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; അതിപ്പോൾ എത്രയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ ആളോഹരി പൊതുകടം 23,554.86 രൂപയായിരുന്നു. 2015 മാർച്ച് 31-ൽ സംസ്ഥാനത്തിന്റെ ആളോഹരി പൊതുകടം 40,189.98 രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011-ൽ സംസ്ഥാനത്തിന്റെ പൊതുകടം 78673.24 കോടി രൂപയായിരുന്നു. 31-3-2015-ൽ സംസ്ഥാനത്തിന്റെ പൊതുകടം 135440.24 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വരുമാന വർദ്ധനവ്

113 (119) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വരുമാനം ആകെ എത്ര കോടി ആയിരുന്നു ; 2015-16 വർഷത്തിൽ അത് എത്ര കോടിയായി വർദ്ധിക്കുമെന്നാണ് കരുതുന്നത്; ബഡ്ജറ്റ് കണക്കുകൾ പ്രകാരം വിശദമാക്കാമോ ; 2010-11 വരുമാനത്തിന്റെ എത്ര ശതമാനം വർധന 2015-16 ൽ ഉണ്ടാകുമെന്നും 2014-15 ൽ എത്ര ശതമാനം വർധന ഉണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളത്തിനും പെൻഷനുമായി 2010-11 വർഷത്തിൽ ചെലവായിരുന്ന ആകെ തുക എത്രയാണ് ; 2014-15-ൽ അത് എത്രയായി വർദ്ധിച്ചു ; 2010-11-ന്റെ എത്ര ശതമാനം വർധന 2014-15 ൽ ഉണ്ടായി; 2015-16-ൽ 2010-11-ന്റെതിനെക്കാൾ എത്ര ശതമാനം വർധന പ്രതീക്ഷിക്കുന്നു ; ബഡ്ജറ്റ് കണക്കുകളുടെയടിസ്ഥാനത്തിൽ വിശദമാക്കാമോ?